**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5346** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം ബസ്സുകൾ വിവിധ ഡിപ്പോകളിൽ തുരുമ്പെടുത്ത് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നതിനാൽ കൂടുതൽ ബസ്സുകൾ സർവ്വീസിന് ആവശ്യമില്ലാത്ത സാഹചര്യത്തിലും സാമ്പത്തിക പ്രതിസന്ധിമൂലവും 1736 ബസ്സുകൾ പ്രത്യേക കേന്ദ്രത്തിലേക്ക് മാറ്റി പാർക്ക് ചെയ്തിരുന്നു. ആയതിൽ കാലപ്പഴക്കം ചെന്നതും അറ്റകുറ്റ പണികൾക്ക് വർദ്ധിച്ച ചെലവ് വരുന്നതുമായ 920 ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിനും ഷോപ്പ് ഓൺ വീൽ ആക്കുന്നതിനും, 816 ബസ്സുകൾ യാത്രക്കാരുടെ ആവശ്യാനുസരണം ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച് നിരത്തിലിറക്കുന്നതിനുമാണ് തീരുമാനിച്ചിരുന്നത്. ഉപയോഗ യോഗ്യമായതിൽ 572 ബസ്സുകൾ ഇതുവരെ നിരത്തിലിറക്കിയിട്ടുണ്ട്. ബാക്കി ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള പ്രവർത്തനം പുരോഗതിയിലാണ്. |
| (ബി) | ഇങ്ങനെ ഉപയോഗശൂന്യമായ ബസ്സുകൾ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നതിനാൽ കൂടുതൽ ബസ്സുകൾ സർവ്വീസിന് ആവശ്യമില്ലാത്ത സാഹചര്യത്തിലും സാമ്പത്തിക പ്രതിസന്ധിമൂലവും 1736 ബസ്സുകൾ പ്രത്യേക കേന്ദ്രത്തിലേക്ക് മാറ്റി പാർക്ക് ചെയ്തിരുന്നു. ആയതിൽ കാലപ്പഴക്കം ചെന്നതും അറ്റകുറ്റ പണികൾക്ക് വർദ്ധിച്ച ചെലവ് വരുന്നതുമായ 920 ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിനും ഷോപ്പ് ഓൺ വീൽ ആക്കുന്നതിനും, 816 ബസ്സുകൾ യാത്രക്കാരുടെ ആവശ്യാനുസരണം ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച് നിരത്തിലിറക്കുന്നതിനുമാണ് തീരുമാനിച്ചിരുന്നത്. ഉപയോഗ യോഗ്യമായതിൽ 572 ബസ്സുകൾ ഇതുവരെ നിരത്തിലിറക്കിയിട്ടുണ്ട്. ബാക്കി ബസ്സുകൾ |

| | | | |
|---|---|---|---|
| | | | നിരത്തിലിറക്കുന്നതിനുള്ള പ്രവർത്തനം പുരോഗതിയിലാണ്. |
| (സി) | ഇവയിൽ തീരെ ഉപയോഗശൂന്യമായവ പൊളിച്ചു വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉപയോഗ ശൂന്യമായ 920 ബസ്സുകൾ സ്ക്രാപ്പ് ചെയ്യാൻ തീരുമാനിച്ചതിൽ 620 ബസ്സുകൾ MSTC മുഖാന്തരം ലേലം ചെയ്ത് വിൽക്കുന്നതിനും, 300 എണ്ണം ഷോപ്പ് ഓൺ വീൽ ആക്കുന്നതിനായും തീരുമാനിച്ചിട്ടുണ്ട്. ആയതിൽ MSTC മുഖാന്തരം 391 ബസ്സുകൾ ലേലം ചെയ്ത് വിറ്റ് പോയിട്ടുണ്ട്. ബാക്കി ബസ്സുകൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ